**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡിഷണൽ ഡയറക്ടറുടെ (കുടുംബക്ഷേമം) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം - പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) ഉത്തരവ് നം DHS/7813/2024 -ES5 തീയതി 18/05/2024

2)GO (Rt) No 376/2025/H&FWD തീയതി 10/02/2025.

3) കത്ത് നമ്പർ DHS/8542/2023-FWA5 , തീയതി 21/02/2025

4) അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ (എറണാകുളം ) നിന്നും 28/02/2025 തീയതിയിൽ ലഭ്യമായ കത്ത് നമ്പർ :G 3-OAEKM 659/2021/2025032056

5)ES5/32284/2017/DHS , തീയതി 07/12/2018

**ഉത്തരവ് നം: DHS/14263/2024-FWA5 തീയതി: 26-03-2025**

---

ശ്രീമതി സുഷമ പി ആറും മറ്റുള്ളവരും ചേർന്ന് OA659/2021 പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I ന്റെ സീനിയോരിറ്റി ലിസ്റ്റ് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിരുന്നതിനാൽ, ബഹുമാനപെട്ട കോടതിയുടെ വിധി ന്യായം ലഭ്യമാകുന്നത് വരെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കും, പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുള്ളതാണ്. എന്നാൽ സർക്കാരിൽ നിന്ന് മേൽ പരാമർശം 2 പ്രകാരം പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കു താത്കാലിക സ്ഥാനക്കയറ്റം നൽകുവാൻ ഉത്തരവ് ലഭ്യമാകുകയും നിലവിൽ പബ്ലിക് ഹെൽത്ത് നേഴ്സ്, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികകളിൽ ഒഴിവ് ഉള്ളതിനാലും ഫീൽഡ് തല പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനുള്ള സൂപ്പർവിഷൻ നടത്തുന്നതിന്

ബുദ്ധിമുട്ടു ഉണ്ടാകുന്നതിനാലും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കും, പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നടത്തുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ചു മേൽ പരാമർശം3 പ്രകാരം നിയമോപദേശം ആരാഞ്ഞിട്ടുള്ളതും പരാമർശം 4 പ്രകാരം നിയമോപദേശം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ചു OA659/2021 ലെ പരാമർശം 5 പ്രകാരമുള്ള Annexure A 25 സീനിയോരിറ്റി ലിസ്റ്റിൽ ഉള്ള ജീവനക്കാർക്ക് പ്രൊമോഷൻ നൽകാവുന്നതാണ് എന്നും എന്നാൽ OA 659/2021 പ്രകാരമുള്ള കേസിൽ ഉൾപ്പെട്ടിട്ടുള്ള പാർട്ടി റെസ്പൊൺഡെൻറ് ആയിട്ടുള്ള ജീവനക്കാർക്ക് അവർക്കു പ്രൊമോഷന് അർഹത ഉണ്ടെകിലും പ്രൊമോഷൻ നൽകുവാൻ പാടുള്ളതല്ല എന്നും അറിയിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനതിൽ പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലെ ജീവനക്കാർക്ക് Rule28(a)of KS&SSR, പ്രകാരം പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് 43400-91200 (revised scale) എന്ന ശമ്പള സ്കെയിലിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. റാങ്ക് നമ്പർ 85,90,91,93, എന്നിവയിൽ ഉൾപ്പെട്ട ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചതിനാലും റാങ്ക് നമ്പർ 86, ശ്രീമതി ഷൈനി പി കെ OA 659/2021 ലെ പാർട്ടി റെസ്പൊൺഡെൻറ് ആയതിനാലും ടി ജീവനക്കാരെ സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര് | ജനനതീയതി | നിലവിലെ സ്ഥാപനം | നിലവിലെ ജില്ലാ | അനുവദിച്ച ജില്ലാ |
|---|---|---|---|---|---|---|
| 1 | 46 | ശ്രീമതി സ്റ്റെല്ലാ മിനി ബി .എസ് | 30/05/1969 | സാമൂഹികാരോഗ്യ കേന്ദ്രം പൂന്തുറ | തിരുവനന്തപുരം | തൃശൂർ |
| 2 | 84 | ശ്രീമതി.ബൃന്ദ എ | 31/05/1970 | പ്രാഥമികാരോഗ്യ കേന്ദ്രം ഇരവിപുരം | കൊല്ലം | തൃശൂർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | 87 | ശ്രീമതി.സിന്ധു ഒ | 25/05/1971 | സാമൂഹികാരോഗ്യ കേന്ദ്രം കലക്കോട് | കൊല്ലം | തൃശൂർ |
| 4 | 88 | ശ്രീമതി നെജില .ജെ | 07/05/1970 | കുടുംബാരോഗ്യ ക േന്ദ്രം പെരുമൺ | കൊല്ലം | തൃശൂർ |
| 5 | 89 | ശ്രീമതി ഉഷാകുമാരി ക െ | 30/04/1969 | സാമൂഹികാരോഗ്യ കേന്ദ്രം, വെളിനല്ലൂ ർ | കൊല്ലം | തൃശൂർ |
| 6 | 92 | ശ്രീമതി.സിനിമോൾ ബി | 25/05/1969 | താലൂക്ക് ആശുപ ത്രി കടക്കൽ | കൊല്ലം | തൃശൂർ |
| 7 | 94 | ശ്രീമതി. മഞ്ജു .എസ് | 28/05/1969 | പ്രാഥമികാരോഗ്യ കേന്ദ്രം ആദിച്ചനല്ലൂ ർ | കൊല്ലം | ഇടുക്കി |
| 8 | 95 | ശ്രീമതി. അമ്പിളി ബി | 31/05/1969 | താലൂക്ക് ആസ്ഥാ ന ആശുപത്രി കൊ ട്ടാരക്കര | കൊല്ലം | പാലക്കാട് |
| 9 | 96 | ശ്രീമതി. ശ്രീലത ഒ | 26/04/1970 | സാമൂഹികാരോഗ്യ കേന്ദ്രം, അഞ്ചൽ | കൊല്ലം | മലപ്പുറം |
| 10 | 97 | ശ്രീമതി. സിനി പി എസ് | 02/05/1970 | സാമൂഹികാരോഗ്യ കേന്ദ്രം, പാലത്തറ | കൊല്ലം | കോഴിക്ക ോട് |
| 11 | 98 | ശ്രീമതി. ബീഗം ലീന എ ം എൽ | 30/05/1970 | താലൂക്ക് ആശുപ ത്രി ,പത്തനാപുരം | കൊല്ലം | കണ്ണൂർ |

| | | | | | | |
|---|---|---|---|---|---|---|
| 12 | 99 | ശ്രീമതി ഗീത ആർ | 06/03/1970 | താലൂക്ക് ആശുപത്രി,കരുനാഗപ്പള്ളി | കൊല്ലം | വയനാട് |
| 13 | 100 | ശ്രീമതി. മിനി ഒ | 30/05/1971 | കുടുംബാരോഗ്യ കേന്ദ്രം,പൂയപ്പള്ളി | കൊല്ലം | വയനാട് |
| 14 | 101 | ശ്രീമതി. സുലേഖ എസ് | 02/01/1970 | കുടുംബാരോഗ്യ കേന്ദ്രം ,തഴവ | കൊല്ലം | വയനാട് |
| 15 | 102 | ശ്രീമതി. ധനലക്ഷ്മി കെ | 31/05/1972 | പ്രാഥമികാരോഗ്യ കേന്ദ്രം മൈലം | കൊല്ലം | കാസർഗോഡ് |

മേൽ പറയുന്ന ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ രണ്ടു വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ സേവനകാലം നിരീക്ഷണ കാലാവധി ആയിരിക്കുന്നതാണ്. സമയ ബന്ധിത ഹയർ ഗ്രേഡുകൾ ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ യാതൊരു കാരണവശാലും സ്ഥാനക്കയറ്റം പരിത്യജിക്കാൻ പാടുള്ളതല്ല. മേൽപ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിരിക്കുന്ന ജീവനക്കാരിലാരെങ്കിലും അച്ചടക്ക നടപടികൾ നേരിടുന്നുവെങ്കിൽ സ്ഥാപന മേധാവികൾ അവരെ വിടുതൽ ചെയ്യാൻ പാടുള്ളതല്ല. കൂടാതെ പ്രസ്തുത വിവരം ഈ കാര്യാലയത്തിലേക്കു അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. വിവര ശേഖരണം നടത്തുന്ന സമയത്തു ജീവനക്കാർ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങൾ അതിനു ശേഷം മാറിയിട്ടുണ്ടെങ്കിൽ അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർ വിടുതൽ ചെയ്യുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്. എല്ലാ സ്ഥാപന മേധാവികളും പകരക്കാരെ കാത്തു നിൽക്കാതെ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ അതാതു ജില്ലകളിൽ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ്

ഡൌൺലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പുകൾ അയച്ചുനൽ കുന്നതല്ല. ജീവനക്കാരുടെ വിടുതൽ വിവരങ്ങൾ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് OA 659/2021 പ്രകാരമുള്ള ബഹു:കോടതിയുടെ അന്തിമവിധിക്കു വിധേയമായിരിന്നതാണ്. കൂടാതെ 2025-ലെ പൊതുസ്ഥലംമാറ്റം നടത്തുന്ന അവസരത്തിൽ ജില്ലകളിലേക്ക് യോഗ്യരായ അപേക്ഷകർ ഉള്ള പക്ഷം മേൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ ജില്ലയിലെ നിയമനം ആവശ്യമെങ്കിൽ പുനഃപരിശോധിക്കുന്നതാണ്.

Signed by
Meenakshy V
Date: 26-03-2025 15:30:31

**Dr MEENAKSHY V**

**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

സ്ഥാപന മേധാവികൾ / ജീവനക്കാർ

പകർപ്പ്:-

1ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

2എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ(ആരോഗ്യം )ക്കും.

3 ഫയൽ / കരുതൽ ഫയൽ